

അമൃത കാമ്പസിൽ പാർത്ഥോസാരഥി അവതരിപ്പിച്ച ഹിന്ദുസ്ഥാനി സംഗീതപരിപാടി

# അമൃതയിൽ സരോദ് സംഗീതസായാഹ്നം

**അമൃതപുരി:** അമൃതവിശ്വവിദ്യാപീഠം സർവകലാശാലയുടെ അമൃതപുരി കാമ്പസിൽ 'സ്പിക് മകേ'യുടെ ആഭിമുഖ്യത്തിൽ സരോദ് വാദകൻ പാർത്ഥോസാരഥിയുടെ ഹിന്ദുസ്ഥാനി സംഗീതപരിപാടി അരങ്ങേറി.

താളപ്പെരുക്കങ്ങളുടെ പേമാരിയുമായി ആഷിഷ് പോറം തബലയിൽ നൽകിയ മികച്ച പിന്തുണ പരിപാടിയുടെ മനോഹാരിത വർദ്ധിപ്പിച്ചു. തന്ത്രികളിൽ തൻെറ മാന്ത്രിക വിരൽ സ്പർശത്താൽ 'മധുവന്തി'യുടെയും 'പീലു' വിൻെറയും നാദപ്രപഞ്ചങ്ങൾ തീർത്ത പാർത്ഥോസാരഥി പ്രേക്ഷകരെ ആസ്വാദനത്തിൻെറ അനുപമ തലങ്ങളിലേക്കുയർത്തിയാണ് രണ്ടു മണിക്കൂറോളം നീണ്ട സംഗീതസായാഹ്നത്തിന് വിരാമമിട്ടത്.

'സ്പിക് മകേ' യുടെ അമൃതപുരി സർവകലാശാല ചാപ്റ്ററിൻെറ ആഭിമുഖ്യത്തിൽ ഈ വർഷം നടത്തുന്ന രണ്ടാമത്തെ പരിപാടിയാണിത്.

സർവകലാശാലയിലെ യുവജനങ്ങളുടെയിടയിൽ ഭാരതീയ സാംസ്കാരിക പൈതൃകത്തെപ്പറ്റി താത്പര്യം ജനിപ്പിക്കുകയാണ് 'സ്പിക് മകേ'യുടെ മുഖ്യലക്ഷ്യം.